(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് പെൻഷൻ നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനാവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി രൂപീകരിച്ചു കഴിഞ്ഞോ എന്ന് അറിയിക്കുമോ;

(എഫ്) എങ്കിൽ പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ജി) എന്നുമുതൽ പദ്ധതി പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ 2.5 ശതമാനം മുതൽ 4 ശതമാനം വരെ പ്രതിമാസം പ്രോത്സാഹന അലവൻസും 1.25 ശതമാനം വാർഷിക ബോണസും നൽകുന്നു. കേന്ദ്ര സർക്കാർ 4 ശതമാനം പ്രതിമാസ കമ്മിഷനും നൽകുന്നുണ്ട്. ഇതിനുപുറമേ ഏജന്റുമാർക്ക് ഇൻഷ്വറൻസും ക്ഷേമനിധി ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകി വരുന്നു.

(ബി) 31-12-1999 വരെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ 5 ശതമാനം കമ്മീഷൻ നൽകിയിരുന്നു. എന്നാൽ 01-01-2000-ൽ കമ്മീഷൻ 4 ശതമാനമായി കുറച്ചു.

(സി) ഉണ്ട്.

(ഡി)-(ജി) പെൻഷൻ പദ്ധതിയെക്കുറിച്ച് സമഗ്രമായ നിർദ്ദേശം സമർപ്പിക്കാൻ സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിനുശേഷം പെൻഷൻ നൽകുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ജി.ഒ. താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

2 (*213) മഹിളാപ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

ശ്രീമതി എൻ.കെ. രാധ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി സ്വരൂപിക്കുന്ന പ്രധാൻ ഏജന്റുമാർക്ക് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പെൻഷൻ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ:

(ബി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് കമ്മീഷൻ ലഭിക്കുന്നതിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ സേവിംഗ്സ് ഓഫീസർ തസ്തിക എത്തെല്ലാം ജില്ലകളിൽ നിലവിലുണ്ട്;

(ഡി) അതത് ജില്ലകളിൽ ജില്ലാ സേവിംഗ്സ് ഓഫീസറുടെ ഓഫീസ് ഇല്ലാത്തതുമൂലം പല ജില്ലകളിലും ഏജന്റുമാർക്ക് വരിക്കാർക്കുള്ള കാർഡ് വാങ്ങാനും കമ്മീഷൻ ബില്ല് നൽകാനും ബുദ്ധിമുട്ട് അനുഭവിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) പെൻഷൻ പദ്ധതിയെക്കുറിച്ച് സമഗ്രമായ നിർദ്ദേശം സമർപ്പിക്കാൻ സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിനുശേഷം നൽകാൻ ഉത്തരവിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ജി.ഒ. സർക്കാർ താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

(ബി) കമ്മീഷൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. ഈ കാര്യത്തിൽ കാലതാമസം ഉണ്ടാകുകയാണെങ്കിൽ ആയത് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിലുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരുന്ന സംഗതിയാകയാൽ കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ആർ. ലതാദേവി : സർ, നമ്മുടെ മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മിഷൻ ഏകപക്ഷീയമായിട്ട് അടുത്ത നാളുകളിൽ കേന്ദ്രഗവൺമെന്റ് വെട്ടിക്കുറയ്ക്കുകയുണ്ടായി. അതുപോലെതന്നെ സേവിംഗ്സിനുള്ള പലിശയും വെട്ടിക്കുറയ്ക്കുകയുണ്ടായി. മഹിളാപ്രധാൻ ഏജന്റുമാരുടെ ദൈനംദിന ജീവിതത്തെ തന്നെ ദോഷകരമായി ബാധിക്കുന്ന ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെട്ടിക്കുറച്ച കമ്മിഷനും പലിശയും പുനഃസ്ഥാപിക്കണമെന്നും കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ആവശ്യപ്പെടാൻ തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് 2 ഭാഗമുണ്ട്. ഒന്ന്, 5 ശതമാനം പ്രതിമാസ കമ്മിഷൻ 4 ശതമാനമാക്കി കേന്ദ്ര ഗവൺമെന്റ് കുറവ് ചെയ്തു. മറ്റൊന്ന് നാഷണൽ സേവിംഗ്സിന്റേയും ഇന്ദിരാ വികാസ്പത്രയിലേയും പലിശ നിരക്ക് മുൻകാല പ്രാബല്യത്തോടുകൂടി കുറച്ചു. നാഷണൽ സേവിംഗ്സ്, സ്മാൾ സേവിംഗ്സ് ഇവ പ്ലാൻ റിസോഴ്സസിന്റെ ഏറ്റവും പ്രധാനപ്പെട്ട ഇനങ്ങളാണെന്ന് ബഹുമാന്യനായ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു സൂചിപ്പിച്ചത് ഈ അവസരത്തിൽ ഞാൻ പറയുകയാണ്. ഈ നാഷണൽ സേവിംഗ്സ് വിജയിപ്പിച്ചാൽ നമുക്ക് ഫോറിൻ കടവും ആഭ്യന്തര കടവും ഒഴിവാക്കാം എന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് അത് പ്രോൽസാഹിപ്പിച്ചു വരികയായിരുന്നു. ഇപ്പോൾ അത് പുറകോട്ട് പോക്കാണ്. ഇപ്പോൾ പലിശ കുറച്ചു. ഇത് നടന്നു പിരിക്കുന്ന ഏജന്റുമാരുടെ കമ്മിഷനിൽ ഒരു ശതമാനം കുറച്ചു. ഇന്ദിരാ വികാസ് പത്രികയെ എടുത്തുകളഞ്ഞു. അതിനുപകരം വേറെ പദ്ധതി കൊണ്ടുവന്നിട്ടില്ല. ഇൻസ്റ്റിറ്റ്യൂഷൻസിന് കൊടുക്കാൻ കഴിയില്ല. ഇന്നത്തെ പല സ്മാൾ സേവിംഗ്സിനും നേരെ ആക്രമണം നടന്നിട്ടുണ്ട്. ഈ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

ഷന്റെ പ്രശ്നവും ജനറൽ ഇഷ്യൂവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പല തവണ പെടുത്തിയിട്ടുണ്ട്. നേരിട്ട് കണ്ട് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം പറഞ്ഞാലും ശരി, അവർ പറയുന്നത്, ഗവൺമെന്റിന്റെ നയമല്ല, ഇതുതന്നെ തുടരും എന്നാണ്. അല്ലാതെ പരിഗണിക്കാം എന്നുപോലും പറഞ്ഞില്ല.

ശ്രീമതി ആർ. ലതാദേവി : സർ, താമസിയാതെ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നിലവിൽ വരും, അതിന് ഉത്തരവിറക്കുമെന്ന് ഗവൺമെന്റ് വെളിപ്പെടുത്തിയിട്ടുണ്ട്. ഞാൻ അതിന് ഈ ഗവൺമെന്റിനെ ആത്മാർത്ഥമായിട്ട് അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ പുതിയ സഹസ്രാബ്ദ സമ്മാനം എന്ന നിലയ്ക്ക് കേരളത്തിലെ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പുതന്നെ നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ അതിന്റെ ഉത്തരവ് ഗവൺമെന്റ് ഇറക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, അത് ഈ സാമ്പത്തിക വർഷത്തിനുമുമ്പുതന്നെ ഇറക്കണമെന്നാണ് ഉദ്ദേശം. ഏതായാലും ഏപ്രിൽ 15-ന് അപ്പുറം പോകില്ല. അതിന്റെ സ്കീം ഒന്ന് വെരിഫൈ ചെയ്തുവരാനുണ്ട്. ഞാൻ ഓർഡേഴ്സിട്ടു കഴിഞ്ഞു. കഴിയുന്നതും വേഗം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ സാമ്പത്തികവർഷത്തിൽതന്നെ, അതായത്, 31-3-നു മുമ്പ് കഴിയുമോ എന്നുനോക്കാം. ഇല്ലെങ്കിൽ 30-4 എന്ന് വയ്ക്കുക. അതിനപ്പുറം പോകില്ല. യാതൊരു സംശയവും വേണ്ട.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള പെൻഷനെക്കുറിച്ച് ബഹുമനപ്പെട്ട മന്ത്രി പറഞ്ഞ പ്രസ്താവനയെ ഞങ്ങൾ വളരെ സ്വാഗതം ചെയ്യുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വികസന പ്രവർത്തനങ്ങൾക്ക് വളരെയധികം പണം ലഘുസമ്പാദ്യ സമാഹരണത്തിലൂടെ നൽകുന്നവരാണ് മഹിളാ പ്രധാൻ ഏജന്റുമാർ. അവർ കഷ്ടിച്ച് ആറായിരം കോടി രൂപയോളം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ സമാഹരിച്ചിട്ടുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇപ്പോൾ അവരുടെ പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര നയങ്ങളെക്കുറിച്ച് ഇവിടെ വ്യക്തമാക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഈ പലിശ കുറയ്ക്കലും കമ്മിഷൻ വെട്ടിക്കുറയ്ക്കലും മാത്രമല്ല, റിക്കറിംഗ് ഡെപ്പോസിറ്റ് പിൻവലിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഒക്കെ തന്നെ 5 വർഷം കഴിയാതെ, അല്ലെങ്കിൽ 3 വർഷം കഴിയാതെ പിൻവലിക്കാൻ കഴിയില്ല തുടങ്ങിയ നിരവധി കാര്യങ്ങൾ ഇവരുടെ പ്രവർത്തനത്തേയും നമ്മുടെ വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുന്നതാണ്. ഇതിനൊക്കെ കേന്ദ്ര സർക്കാർ എടുത്ത നടപടികൾ മാറ്റുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, നിശ്ചയമായും സമ്മർദ്ദം ചെലുത്തുമെന്നുള്ളതിന് സംശയമില്ല. കാരണം നാഷണൽ സേവിംഗ്സിന്റെ പ്രാധാന്യം ഞാൻ മന്ത്രിയാകുന്നതിനു മുമ്പുതന്നെ മനസ്സിലാക്കിയ ആളാണ്. ഞാൻ മന്ത്രിയല്ലാത്തപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ബച്ചത് പഞ്ചായത്ത്, പുൽപ്പള്ളി പഞ്ചായത്ത് എന്നിവിടങ്ങളിലെ എല്ലാ വീട്ടുകാരും സ്മാൾ സേവിംഗ്സിന്റെ നെറ്റ് വർക്കിലാണ്. ഇൻഡ്യയിലെ ആദ്യത്തെ ബച്ചത് പഞ്ചായത്ത് എന്റെ നിയോജക മണ്ഡലത്തിലാണ്. അതുപോലെ ശ്രീ. അച്യുതന്റെ ചിറ്റൂർ, തട്ടമംഗലം മുനിസിപ്പാലിറ്റി, അതും ബച്ചത് മുനിസിപ്പാലിറ്റിയാണ്. ഇങ്ങനെ എല്ലാ ദിക്കിലും വിപുലമായി നടത്തുമ്പോൾ അതിനുനേരെ നഗ

LIBRARY ARCHIVES Kerala Legislative Assembly

മായ കടന്നാക്രമണമാണ് നടത്തുന്നത്. കഴിഞ്ഞ കൊല്ലം നമ്മൾ ടാർജറ്റ് എക്സീഡ് ചെയ്തു. ഇക്കുറി നല്ലൊരു ടാർജറ്റാണ് വച്ചിരിക്കുന്നത്. കാരണം പ്ലാൻ റിസോഴ്സസിനുവേണ്ടി. അവർക്ക് വലിയ വിഷമം ഉണ്ട്. ഇതിനു മുകളിൽ ഇൻകം ടാക്സും കൊണ്ടു വന്നിട്ടുണ്ട്. എല്ലാംകൂടി കൊണ്ടുവന്നതോടുകൂടി ഈ പ്രസ്ഥാനം തന്നെ 'ഞെക്കിക്കൊല്ലാനുള്ള' ആ വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല. ഇല്ലായ്മ ചെയ്യാനും ക്ഷീണിപ്പിക്കാനുമുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും വരുന്നത്. നമുക്കെല്ലാവർക്കും കൂടി ഒരുമിച്ച് ശക്തമായി അതിന് സമ്മർദ്ദം ചെലുത്താം. എം.പി.മാർക്കും ഞാൻ എഴുതിയിട്ടുണ്ട്. ഇത് ശക്തമായി എടുക്കേണ്ട ഒരു പ്രശ്നമാണ്. മുഖ്യമന്ത്രിയും എഴുതിയിട്ടുണ്ട്. രണ്ടുപേരും ഒരുമിച്ച് സി.എം. കോൺഫറൻസിലും ശക്തമായി പറഞ്ഞിട്ടുണ്ട്. എല്ലാ സ്റ്റേറ്റുകളും അത് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സംസ്ഥാന ഗവൺമെന്റ് ഇവർക്ക് കൊടുക്കുന്ന ബോണസ്, കമ്മീഷൻ,അലവൻസ് തുടങ്ങിയവ അതാതു മാസങ്ങളിൽ തന്നെ കൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ; ഇപ്പോൾ പലപ്പോഴും കുടിശ്ശിക വരുന്നതായാണ് അറിയുന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, കുടിശ്ശിക വരാറുണ്ട്. ആ കുടിശ്ശിക തീർക്കാനാണ് കഴിഞ്ഞ സെഷനിൽ അവതരിപ്പിച്ച ഉപധാനാഭ്യർത്ഥനയിൽ 10 കോടി രൂപ നീക്കിവച്ചത്. അതുകൊണ്ടും പൂർണ്ണമായി കഴിയില്ല. അതിനുവേണ്ടിയുള്ള തുക കണ്ടെത്തി നിശ്ചയമായും അവർക്ക് സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ട ആനുകൂല്യങ്ങൾ ബാക്കിവയ്ക്കാതെ താമസംവിനാ അതാതു മാസം കൊടുക്കാനുള്ള സംവിധാനം ഉറപ്പിക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ക്ഷേമപദ്ധതി തീരെ അപര്യാപ്തമാണെന്നും അത് വിപുലീകരിച്ച് നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് മഹിളാ പ്രധാൻ ഏജന്റുമാരുടെ സംഘടനകൾ ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തിട്ടുണ്ട് എന്നും പറയുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, 1990-ലാണ് മഹിളാ പ്രധാൻ ഏജന്റുമാർക്ക് ക്ഷേമപദ്ധതി നടപ്പിലാക്കിയത്. ഇപ്പോൾത്തന്നെ അത് വളരെ വിപുലമാണ്. ചികിൽസ, വാഹന വായ്പ, കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് അതിനു പുറമെ മൊത്തം അടവിന്റെ 13 ശതമാനം ക്ഷേമനിധിയിൽ നിന്ന് പിരിയുമ്പോൾ ടെർമിനൽ ഗ്രാറ്റുവിറ്റിയായിട്ട് കൊടുക്കുന്നു. ഇനിയും അത് വിപുലപ്പെടുത്തണമെന്നും അതിന് കുറച്ചുകൂടി കാര്യങ്ങൾ ചെയ്യണമെന്നുമുള്ള നിവേദനം കൊടുത്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിശോധനയിലാണ്.

ശ്രീ. എൻ. അനിരുദ്ധൻ : ഇപ്പോൾ സേവിംഗ്സ് ഓഫീസർമാരുടെ തസ്തിക ഏതാനും ജില്ലകളിൽ മാത്രമാണുള്ളത്. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുമോ? അങ്ങനെ ശ്രമിക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാവുകയില്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : സർക്കാർ ഓഫീസുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മാത്രമാണ് ഇപ്പോൾ ജില്ലാ സേവിംഗ്സ് ഓഫീസർമാരുടെ തസ്തിക നിലവിലുള്ളത്. കോഴിക്കോട് ജില്ലയിലെ തസ്തിക ഒഴിഞ്ഞുകിട

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അവരുടെ നിയമനം നടത്തുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ചെലവു ചുരുക്കൽ പദ്ധതി നടപടികളുടെ ഭാഗമായി മറ്റു ജില്ല കളിൽ പുതുതായി നിയമനം നടത്തിയിട്ടില്ല. നിയമന നിരോധന നയങ്ങളുടെ ഭാഗമായി പ്രസ്തുത തസ്തികകളിൽ ഇനി പുതുതായി നിയമനം നടത്താൻ കേന്ദ്രാനുമതി ഇല്ലാതെ സാധ്യമല്ല.

ശ്രീ. പി. നാരായണൻ : മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഇപ്പോൾ ജന ങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന പൈസ പോസ്റ്റ് ഓഫീസുകളിൽ 25-നു ശേഷം സ്വീകരിക്കുന്നില്ലായെന്ന് പറയുന്നു. 25-നു ശേഷം പണം സ്വീകരിക്കു ന്നതിന് സംസ്ഥാന ഗവൺമെന്റ് പോസ്റ്റൽ അധികാരികളുമായി ധാരണയു ണ്ടാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ പ്രശ്നം മാത്രമല്ല, പോസ്റ്റ് ഓഫീസു കളിൽ കുറച്ച് താമസമുണ്ട്. അതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ വളരെ തിരക്കുള്ളവരാണ്. ഏതായാലും പോസ്റ്റ് മാസ്റ്റർ ജനറലുമായി ഇത് സുഗമമാക്കാൻ നാലു തവണ ചർച്ച ചെയ്തിട്ടുണ്ട്. മന്ത്രിതലത്തിലും നാലു തവണ ചർച്ച നടത്തിയിട്ടുണ്ട്. മാത്രമല്ല നാഷണൽ സേവിംഗ്സുമായി ഏറ്റവും സഹകരിക്കുന്ന തപാൽ ഓഫീസിന് അവാർഡ് വരെ പ്രഖ്യാപിച്ചി ട്ടുണ്ട്. എന്നിട്ടും ഈ വിഷമങ്ങൾ നിലനിൽക്കുകയാണ്. ഇനിയും അത് പി. എം.ജി.യുമായി സംസാരിച്ച് സോർട്ടൗട്ട് ചെയ്യേണ്ട പ്രശ്നമുണ്ട്.

ശ്രീ. പി. നാരായണൻ : മഹിളാ പ്രധാൻ ഏജന്റുമാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വളരെ പരിമിതാണ്. അത് വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : അതിന് ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീമതി എൻ.കെ. രാധ : സംസ്ഥാനത്ത് ഇപ്പോൾ എത്ര മഹിളാ പ്രധാൻ ഏജന്റുമാരാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇവരിൽ നിന്നെല്ലാം കഴിഞ്ഞ വർഷം എത്ര നിക്ഷേപമുണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ശിവദാസമേനോൻ : സുമാർ പന്തീരായിരത്തിലധികമുണ്ട്. മൊത്തം അവർ പിരിച്ച കണക്ക് ഇപ്പോൾ എന്റെ കയ്യിലില്ല.

ശ്രീമതി എൻ.കെ. രാധ : ദേശീയ സമ്പാദ്യ പദ്ധതിയിലെ നിക്ഷേപ ത്തിന്റെ പലിശനിരക്ക് കുറച്ച കേന്ദ്രസർക്കാർ നടപടി മഹിളാ പ്രധാൻ ഏജന്റുമാരെ എങ്ങനെയാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അത് വളരെ ക്ലിയറല്ലേ. മഹിളാ പ്രധാൻ ഏജന്റുമാർക്ക് വീടുകളിൽ പോയി പണം ശേഖരിക്കുമ്പോൾ അതിന് കിട്ടുന്ന പലിശ കുറച്ചാൽ കൊടുക്കുന്നവർ കൊടുക്കാൻ മടിക്കും. എൻകറേജുമെന്റിന് പകരം ഡിസ്കറേജ്മെന്റാണ് നടക്കുന്നത്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ഇന്നലെ കേന്ദ്ര ബഡ്ജറ്റ് വന്നയുട നെയാണ്, അതിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഈ ചോദ്യം നമ്മുടെ ഫ്ളോറിൽ വന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞത് ധാരാളം ആനുകൂല്യങ്ങൾ സാധാരണക്കാർക്ക് കൊടുക്കുന്നുവെന്നാണ്. ഇത് വളരെ ആസൂത്രിതമായ പദ്ധതിയാണ്. ഇത്രയും സ്ത്രീകളുടെ ജോലി നഷ്ട പ്പെടുന്നുവെന്നു മാത്രമല്ല ചെറുകിട നിക്ഷേപങ്ങളുടെ പലിശ കുറയ്ക്കു കയും ചെറുകിട നിക്ഷേപത്തിനുള്ള സാധ്യത നമ്മുടെ നാട്ടിൽ നിന്നും ഒഴി വാക്കിക്കൊണ്ട് വൻകിട നിക്ഷേപക്കാരെ മാത്രം പ്രോൽസാഹിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റിഗേഷൻ രംഗത്തുള്ള നടപടിയാണ്. അതിശക്തമായ പ്രതിഷേധം ഈ സഭ ഈ കാര്യത്തിൽ എടുത്ത് ഇതൊരു ഒറ്റപ്പെട്ട കാര്യമണെങ്കിലും അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഇത് കുറച്ച് പാവങ്ങളായ സ്ത്രീകളെ രക്ഷിക്കാനുള്ള ഒരു പദ്ധതി മാത്രമല്ല. ഞാൻ അതിന്റെ ദേശീയ പ്രാധാന്യവും കാണുകയാണ്. ഇത് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷന്റെ മെയിൻസ്റ്റേ ആണെന്നാണ് ജവഹർലാൽ നെഹ്രു പറഞ്ഞത്. അതുപോലെത ന്നെയാണ് കാര്യങ്ങൾ നടന്നുവന്നിരുന്നതും. ഇപ്പോൾ ഇങ്ങനെ ടേപ്പർ ചെയ്ത് ഇല്ലാതാകുന്നു. അവസാനത്തെ വെന്റിലേറ്ററിൽ കിടത്തുകയാണ്. ഇതാണ് സ്ഥിതി. ഇതിനെതിരായി ഗവൺമെന്റ് വേണ്ട നടപടി എടുക്കുക യാണ്.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ഇപ്പോൾ നാഷണൽ സേവിംഗ്സ് സ്കീം നിക്ഷേപത്തിന്റെ വിഹിതത്തിൽ നിന്ന് ഏതൊക്കെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് പണം വിനിയോഗിക്കാറുള്ളത്. നമ്മുടെ സംസ്ഥാ നത്ത് എങ്ങനെയാണ് ആ പണം വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : നാഷണൽ സേവിംഗ്സിൽ കിട്ടുന്ന പണം പിൻവലിച്ചു പോകുന്നതല്ല. സ്ഥിരമായി കിട്ടുന്നതാണ് നെറ്റ് എന്നുപറ യുന്നത്. നെറ്റ് കളക്ഷന്റെ 75 ശതമാനം ഗവൺമെന്റിന് നീണ്ടകാല വായ്പ യായി എടുക്കാൻ സാധിക്കും. അതിന് 13 ശതമാനമാണ് പലിശ. ആ നീണ്ട കാല ലോണായിട്ട് സെൻട്രൽ ഗവൺമെന്റിന് suo moto ആയി ഈടാക്കാം. അപ്പോൾ 100 രൂപ പിരിച്ചാൽ 75 രൂപ പ്ലാനിനുവേണ്ടി ചെലവാക്കാൻ സാധിക്കും. പദ്ധതിയുടെ വിഭവ സമാഹരണത്തിന്റെ പ്രധാനഭാഗമാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : കേന്ദ്ര ഗവൺമെന്റ് പലിശ കുറച്ചതു കൊണ്ട് പദ്ധതിയുടെ ആകർഷണം കുറയുകയും വനിതാ പ്രധാൻ ഏജന്റുമാ രുടെ വരുമാനത്തെ അത് ദോഷകരമായി സാധിക്കുകയും ചെയ്യുന്നുവെന്നു ള്ളതുകൊണ്ട് അവരുടെ സേവനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. ശിവദാസമേനോൻ : അവരുടെ സേവനം പ്രോൽസാഹിപ്പി ക്കാൻ ഗവൺമെന്റ് കഴിയാവുന്ന നടപടികളൊക്കെ സ്വീകരിക്കും. പക്ഷെ പിന്നെയും അതിന്റെ കോൺസെപ്ടിൽ നിന്ന് നമ്മൾ പോകരുത്. അവരുടെ ആവശ്യത്തിനല്ല. ഇത് നാഷണലായിട്ടുള്ള പ്രധാന കസ്റ്റ്യനാണ്. സ്മാൾ സേവിംഗ്സിന്റെ പലിശ കുറയ്ക്കുക എന്നു പറഞ്ഞാൽ അതിനുമപ്പുറം അധിക വിഭവ സമാഹരണം എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്ലാനി നുവേണ്ടി പണമുണ്ടാക്കുന്ന ഒരു വലിയ പദ്ധതിയെ ക്ഷീണിപ്പിക്കുകയാണ്. ആ രീതിയിൽ ഗവൺമെന്റ് അർഹിക്കുന്ന ഗൗരവത്തോടുകൂടി തന്നെയാണ് ഇതു കാണുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ മുഖേന ഈ വർഷം എത്ര തുക പിരിച്ചെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കു ന്നത്. അത് പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുമെന്ന് സർക്കാർ വിശ്വസി ക്കുന്നുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : അതിന്റെ ലക്ഷ്യം എനിക്ക് ഫയൽ നോക്കാതെ പറയാൻ പറ്റില്ല. പക്ഷെ ഒരു കാര്യം ഉറപ്പാണ്. ഇത്തവണ ഞാൻ റിവ്യൂ നടത്തിയപ്പോൾ 31.3-നു മുമ്പ് കാട്ട അതിജീവിക്കുമെന്നറിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ അവർ എത്ര വർക്കുചെയ്തുവെന്ന് നോക്കണം. നമ്മൾ ഇട്ട കാട്ട ചെറുതായി പോയതുകൊണ്ടാണോ എന്ന് അറിയില്ല. ഏതായാലും ആ ലക്ഷ്യം കവച്ചുവയ്ക്കും. അങ്ങനെ കവച്ചു വച്ചുകൊണ്ട് ചെയ്ത ജോലി കൾക്ക് പ്രോൽസാഹനം കൊടുത്തിട്ടുണ്ട്. എറണാകുളം, പാലക്കാട്, കണ്ണൂർ, തുടങ്ങിയ ജില്ലകളിൽ അതുപോലെ പുതിയ അംബാസഡർ കാർ അവിടെ വാങ്ങിക്കൊടുത്തിട്ടുണ്ട്. ടാർജറ്റ് അച്ചീവ് ചെയ്ത് നല്ല കാര്യങ്ങൾ ചെയ്യുന്ന വർക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നുള്ളതിലും ഗവൺമെന്റ് ഇനിഷ്യേറ്റീവെടുത്തിട്ടുണ്ട്.

<u>ശ്രീ. എ. അലി ഹസ്സൻ</u> : മഹിളാ പ്രധാൻ ഏജന്റുമാർക്ക് തിരിച്ചറിയൽ കാർഡും പ്രത്യേക യൂണിഫോമും നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണ നയിലുണ്ടോ? ഉണ്ടെങ്കിൽ അതിനാവശ്യമായ അലവൻസ് നൽകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : യൂണിഫോമിന്റെ കാര്യം ഇപ്പോൾ പരിഗ ണനയിലില്ല.

<u>ശ്രീ. എ. അലി ഹസ്സൻ</u> : സബ് പോസ്റ്റ് ഓഫീസുകളിൽ നിക്ഷേപി ക്കുന്ന പണം അവിടെനിന്ന് തിരിച്ചെടുക്കാനോ, ക്ലോസ് ചെയ്യാനോ കഴി യാത്ത ഒരു സ്ഥിതിയുണ്ട്. എവിടെയാണോ അക്കൗണ്ട് ആരംഭിക്കുന്നത് അവിടെത്തന്നെ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : തപാലാഫീസുമായി ബന്ധപ്പെട്ട കുറെ പ്രശ്നങ്ങളുണ്ട്. അതൊക്കെ പോസ്റ്റ് മാസ്റ്റർ ജനറലുമായിട്ട് ചർച്ച ചെയ്ത് സോർട്ടൗട്ട് ചെയ്യേണ്ട കാര്യങ്ങളാണ്. ഡയറക്ടറേറ്റ് ലവലിലും സെക്രട്ടറി തലത്തിലും മിനിസ്ട്രി ലവലിലും ചർച്ച നടത്താൻ തയ്യാറാണ്.

<u>ശ്രീ. പി. വിശ്വൻ</u> : പലതുള്ളി പെരുവെള്ളം എന്ന ആശയം വളരെ നല്ലതുതന്നെ. പക്ഷെ അതിന്റെ ഹാർട്ട് മഹിളാ പ്രധാൻ ഏജന്റുമാരാണ്. മഹിളാ പ്രധാൻ ഏജന്റുമാർ ഗ്രാമങ്ങളിൽ വളരെ ദൂരെ, യാത്രാസൗകര്യം പോലുമില്ലാത്ത പ്രദേശങ്ങളിൽ വീടുകളിൽ കയറിയിറങ്ങിയാണ് പണം സ്വരൂ പിക്കുന്നത്. എന്നിട്ട് ആർ.ഡി.അക്കൗണ്ടിൽ അതാതു വ്യക്തികളുടെ പേരിൽത്തന്നെ തുകയടയ്ക്കുന്നു. അങ്ങനെ പോസ്റ്റ് ഓഫീസുകളിൽ തുക അടയ്ക്കാനുള്ള ഫോറം നമ്പർ 6 ഡിപ്പാർട്ടുമെന്റ് സൗജന്യമായി കൊടുത്തിരു ന്നതായിരുന്നു. ഇപ്പോൾ അതിന് 50 പൈസ ഈടാക്കുന്നുണ്ട്. ഇപ്പോൾ കമ്മി ഷൻ പോലും കുറഞ്ഞു. അതിന്റെ കഷ്ടപ്പാട് അവർ അനുഭവിക്കുകയാണ്. ഈ ഫോറം നമ്പർ 6 ഫ്രീയായിട്ട് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അത് തീർച്ചയായും പരിശോധിക്കുന്ന താണ്.

<u>ശ്രീ. പി. വിശ്വൻ</u> : ഈ രംഗത്ത് നല്ല നല്ല പ്രോൽസാഹനം വരാൻ എനിക്കുള്ള സജഷൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലും നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിലുമൊക്കെ നിരവധി ഒഴിവുകൾ വരുന്നുണ്ട്. അത് അതിന്റെ നിയമമനുസരിച്ച് നിയമിക്കാറുണ്ട്. 5-ഉം 10-ഉം 15-ഉം വർഷം ജോലി ചെയ്ത വരെ ചെറിയ ഒരു ശതമാനം അതിലേയ്ക്ക്....എങ്ങനെയാണെന്ന് എനിക്കറി യില്ല, അതിന് രൂപമുണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അഞ്ചും പത്തും വർഷം ജോലി ചെയ്ത സർവ്വീസിൽ നിന്ന് പിരിയുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടു ക്കുക എന്നുള്ളതല്ലാതെ അവരെ സ്ഥിരമായി സർവ്വീസിലേയ്ക്ക് എടുക്കുന്ന കാര്യം ഇപ്പോൾ ചിന്തിക്കാൻ സാധിക്കുകയില്ല. ഗവൺമെന്റിന്റെ കൺസോളി

LIBRARY ARCHIVES Kerala Legislative Assembly

ഡേറ്റഡ് ഫണ്ടിൽ നിന്നുള്ള അപ്പോയിന്റ്മെന്റുകളൊക്കെ പി.എസ്.സി.ക്കു വിടണം. യു.പി.എസ്.സി. ആണ് ഇത് ചെയ്യുന്നത്. അവരുടെ ജോലിയെല്ലാം റെഗുലർ സർവീസായിട്ട് എടുക്കാൻ ഇപ്പോൾ നിയമതടസ്സമുണ്ട്. അതിനു കഴിയില്ല.

ശ്രീ. ജോണി നെല്ലൂർ : സർ, മഹിളാ പ്രധാൻ ഏജന്റുമാർ ഒരു താലൂക്കിൽ അല്ലെങ്കിൽ ഒരു പ്രദേശത്ത് എത്രപേർ ആകാം എന്ന നിബന്ധനയുണ്ടോ; പുതിയ ഒരു മഹിളാ പ്രധാൻ ഏജന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്, അതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : ഒരു താലൂക്കിന് ആവശ്യമായ മഹിളാ പ്രധാൻ ഏജന്റുമാരെ എടുക്കാം. അതിന് ലോക്കൽ ബി.ഡി.ഒ. ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയുണ്ട്. അവരാണ് മഹിളാ പ്രധാൻ ഏജന്റുമാരെ എടുക്കുന്നത്.

ശ്രീ. എൻ. കണ്ണൻ : സർ, മഹിളാ പ്രധാൻ ഏജന്റുമാർക്ക് എതിരെ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നടപടിക്ക് എതിരായി കഴിഞ്ഞ ദിവസം രാജ്ഭവനിലേയ്ക്ക് നടന്ന മാർച്ച് സംഘടിപ്പിക്കുന്നതിലേയ്ക്കായി മലപ്പുറം ജില്ലയിൽനിന്നുവന്ന 48-ഓളം ആളുകൾ സഞ്ചരിച്ചിരുന്ന വാഹനം മറ്റൊരു വാഹനവുമായി കൂട്ടിയിടിച്ച് രണ്ട് ആളുകൾ മരിക്കുകയും പലരും പരിക്കുപറ്റി ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയുമാണ്. അവരുടെ ചികിൽസയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ടി. ശിവദാസമേനോൻ : ഇതിനെ സംബന്ധിച്ച് ഇന്നലെ സബ്മിഷനു മറുപടിയായി ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പറഞ്ഞു, ചികിൽസക്കുള്ള സർവ്വ ചെലവും ഗവൺമെന്റ് വഹിക്കുമെന്ന്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഗവൺമെന്റ് 30,000 രൂപ കൊടുക്കും. അതിനുപുറമേ ഏജന്റുമാർക്ക് ഇൻഷ്വറൻസ് സൗകര്യവുമുണ്ട്. അതായത് ഒരു വർഷം 125 രൂപ നിക്ഷേപിക്കുന്ന സ്കീം (എ), 250 രൂപ നിക്ഷേപിക്കുന്ന സ്കീം (ബി). സ്കീം (എ) പ്രകാരം മഹിളാ പ്രധാൻ ഏജന്റിന് 1.25 ലക്ഷം രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കും. സ്കീം (ബി)-യിൽ ഉള്ളവർക്ക് 2.5 ലക്ഷം രൂപ കിട്ടും. അതിനു പുറമേയാണ് 30,000 രൂപ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ദേശീയ സാമ്പത്തിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിരുന്ന ഇന്ദിരാ വികാസ് പത്ര പിൻവലിച്ചതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് വളരെക്കാലമായി പറയുന്നത് അതിനുള്ള നീക്കത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നാണ്. ഇന്ദിരാ വികാസ് പത്ര മാറ്റി സുഷമ്മ വികാസ് പത്ര എന്ന പേരിടണമെന്ന് ഉദ്ദേശിക്കുന്നു എന്ന് കേട്ടു. അതിനെക്കുറിച്ച് എന്തെങ്കിലും വിവരം അറിയുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സുഷമ്മ എന്നോ മമത എന്നോ വാജ്പേയി എന്നോ, അദ്വാനി എന്നോ ആക്കിയാലും വേണ്ടില്ല. അത്ര കമ്പം ഉണ്ടെങ്കിൽ, പിന്നീട് വരുന്നവർ അത് മാറ്റിക്കൊള്ളും. പക്ഷെ ഈ ഇൻസ്റ്റിറ്റ്യൂഷനിലേയ്ക്ക് സംഭാവന ചെയ്യുവാൻ കഴിയുന്ന ഇന്ദിരാ വികാസ് പത്ര എടുത്തു കളഞ്ഞിട്ട് അതിനുപകരം ഒരു പേരിലും കൊണ്ടുവന്നിട്ടില്ല, കൊണ്ടുവരികയുമില്ല എന്നാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : ഇപ്പോഴത്തെ ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ പദ്ധതിയിൽ നൽകിയിരുന്ന പലിശ എത്രയായിരുന്നു; ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറച്ച പലിശയുടെ ശതമാനം എത്രയാണെന്നും വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഓരോ ഡെപ്പോസിറ്റിനും ഓരോ പലിശ നിരക്കാണ്. അവർ 11 ശതമാനമായി ചുരുക്കി. ഓരോ ഇനത്തിനും പലിശ ചുരുക്കിയിട്ടുണ്ട്.

3 (*212) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധനം പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നീക്കം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം റബ്ബർ ഇറക്കുമതി നടത്താനിടയായാൽ സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാകുമെന്നത് സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ റബ്ബർ ഇറക്കുമതി തടയുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(എഫ്) റബ്ബറിന്റെ വാങ്ങൽ നികുതി ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം അടിയന്തിരമായി പുറപ്പെടുവിച്ച് എസ്.ടി.സി.യെക്കൊണ്ട് റബ്ബർ സംഭരണം പുനഃരാരംഭിച്ച് അഡ്വാൻസ് ലൈസൻസ് വ്യാപാരികൾക്ക് നൽകി പ്രശ്നം പരിഹരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്. റബ്ബർ ഇറക്കുമതിമൂലം സംസ്ഥാനത്തെ റബ്ബർ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിരന്തരമായി സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നതിന്റെ ഫലമാണ് റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചത്.

(ബി) ഇല്ല.

(സി) ടയർ ഉൽപാദകർ നിരോധനം പിൻവലിക്കാൻ സമ്മർദ്ദം ചെലുത്തുന്നതായി അറിയുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly